# ഫോറസ്ട്രി ഇൻഫർമേഷൻ ബ്യൂറോ

## ഫോറസ്റ്റ്ഹെഡ്ക്വാർട്ടേഴ്സ്

## തിരുവനന്തപുരം

website: www.forest.kerala.gov.in, Email: fibnews@gmail.com, Ph. 0471-2529145

# പത്രക്കുറിപ്പ്

തീയതി.23.05.2025

**മനുഷ്യ-വന്യജീവി സംഘർഷം നാടൻ കുരങ്ങുകളുടെ നിയന്ത്രണത്തിന് വനം വകുപ്പ്**

കേരളത്തിലെ പല ഭാഗങ്ങളിലും നാടൻ കുരങ്ങുകളുടെ ശല്യം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ഇവയെ നിയന്ത്രിക്കുന്നതിനായി വനം വകുപ്പ് 'മിഷൻ ബോണറ്റ് മക്കാക്ക്' എന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരികയാണ്. ഇതിന്റെ അടിസ്ഥാനത്തിൽ ജനങ്ങളുടെ ക്ഷേമവും നാടൻ കുരങ്ങുകളുടെ സംരക്ഷണവും ലക്ഷ്യം വച്ച് ദീർഘകാല തന്ത്രങ്ങൾ രൂപീകരിക്കുന്നതിന്റെ ഭാഗമായി വനം വകുപ്പ് മെയ് 28 ന് ഒരു ശില്പശാല സംഘടിപ്പിക്കുന്നു.

വനം-വന്യജീവി വകുപ്പ് മന്ത്രി എ.കെ. ശശീന്ദ്രൻ തിരുവനന്തപുരം പി.ടി.പി. നഗറിലെ ഫോറസ്റ്റ് കോപ്ലക്സിൽ ശിൽപ്പശാല ഉദ്ഘാടനം ചെയ്യും.

ഈ ഇനത്തിൽപ്പെട്ട കുരങ്ങുകളുടെ കൃത്രിമ ജനന നിയന്ത്രണത്തിനുള്ള മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനും അതിന്റെ നിയമസാദ്ധ്യത പരിശോധിക്കുന്നതിനും ഈ ശിൽപ്പശാലയിലൂടെ സാദ്ധ്യമാകും. മൈസൂർ യൂണിവേഴ്സിറ്റി പ്രൊഫ. മേവാസിംഗ്, SACON ലെ ശാസ്ത്രജ്ഞൻ ഡോ. എച്ച്.എൻ. കുമാർ, ഹൈദരാബാദിലെ La CONES-CCMB ശാസ്ത്രജ്ഞൻ ഡോ. ജി. ഉമാപതി, ഹിമാച്ചൽ പ്രദേശിലെ മൃഗസംരക്ഷണ വകുപ്പ് ചീഫ് വെറ്റിനറി ഓഫീസർ ഡോ. സന്ദീപ് രത്തൻ, പെരിയാർ ടൈഗർ റിസർവ്വ് ചീഫ് ഫോറസ്റ്റ് വെറ്റിനറി ഓഫീസർ ഡോ. അരുൺ സക്കറിയ അസി. ഫോറസ്റ്റ് വെറ്റിനറി ഓഫീസർ ഡോ. അനുരാജ് ആർ എന്നിവർ സെമിനാറിൽ (10 മണിമുതൽ 4.30pm) വിഷയങ്ങൾ അവതരിപ്പിക്കും.

വനമേഖലകളുടെ തകർച്ച, കാലാവസ്ഥാവ്യതിയാനം, കൃഷിയിടങ്ങളുടെ വ്യാപനം എന്നിവ മനുഷ്യനും നാടൻ കുരങ്ങുകളുമായുള്ള സംഘർഷത്തിന് കാരണമായിട്ടുണ്ട്. കൂടാതെ നാടൻ കുരങ്ങുകളിലൂടെ പല രോഗങ്ങളും പടരാനുള്ള സാധ്യതയും ഏറെയാണ്.

കർഷകരുടെയും കർഷക സംഘടനകളുടെയും ദീർഘകാലമായുള്ള ആവശ്യം പരിഗണിച്ചാണ് വനം വകുപ്പ് മിഷൻ ബേണറ്റ് മക്കാക്കക്ക് രൂപം നൽകിയിട്ടുള്ളത്. ഇതിലൂടെ നാടൻ കുരങ്ങുകൾ മൂലമുണ്ടാകുന്ന സംഘർഷങ്ങളുടെ കാരണങ്ങളും, പൊതുവായും പ്രാദേശിക പ്രത്യേകതകൾക്ക് അനുസരിച്ച് പ്രത്യേകമായും പ്രതിവിധി സ്വീകരിക്കാവുന്ന നടപടികൾ ഉൾക്കൊള്ളിച്ചും വിശദമായ പഠന റിപ്പോർട്ട് തയ്യാറാക്കും.

ശാസ്ത്രജ്ഞർ, വന്യജീവി വിദഗ്ദ്ധർ, ഉദ്യോഗസ്ഥർ എന്നിവർ പങ്കെടുക്കുന്ന ഈ ശിൽപശാല പ്രശ്ന പരിഹാര തന്ത്രങ്ങൾ രൂപപ്പെടുത്തുന്നതിൽ നിർണ്ണായക പങ്ക് വഹിക്കും.

ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ രാജേഷ് രവീന്ദ്രൻ, ചീഫ് വൈൽഡ്ലൈഫ് വാർഡൻ പ്രമോദ് ജി. കൃഷ്ണൻ, അഡീ. പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർമാരായ ഡോ.പി. പുകഴേന്തി, ചന്ദ്രശേഖർ,ജസ്റ്റിൻ മോഹൻ, ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ, വൈൽഡ് ലൈഫ് പ്രമോദ് പി എന്നിവരും സെമിനാറിൽ പങ്കെടുക്കും.

ഡയറക്ടർ
ഫോറസ്ട്രി ഇൻഫർമേഷൻ ബ്യൂറോ